# പ്രസിദ്ധീകരണത്തിന്

## എം.എ മ്യൂസിക് - സീറ്റ് ഒഴിവ്

പയ്യന്നൂർ സ്വാമി ആനന്ദതീർത്ഥ ക്യാമ്പസ്സിലെ മ്യൂസിക് ഡിപ്പാർട്ട്മെന്റിൽ എം.എ മ്യൂസിക് പ്രോഗ്രാമിൽ എസ്.സി, എസ്.ടി, വിഭാഗങ്ങൾക്ക് ഓരോ സീറ്റ് വീതം ഒഴിവുണ്ട്. താല്പര്യമുള്ളവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 8ന് രാവിലെ 10 മണിക്ക് വകുപ്പ് മേധാവി മുൻപാകെ ഹാജരാകണം ഫോൺ: 9895232334, 0497-2806404.

## എം.ലിബ് .ഐ.എസ്. സി - സീറ്റ് ഒഴിവ്

താവക്കര ക്യാമ്പസിൽ പ്രവർത്തിക്കുന്ന ലൈബ്രറി ആൻറ് ഇൻഫർമേഷൻ സയൻസ് പഠനവകുപ്പിലെ മാസ്റ്റർ ഓഫ് ലൈബ്രറി ആൻറ് ഇൻഫർമേഷൻ സയൻസ് പ്രോഗ്രാമിന് പട്ടികവർഗ വിഭാഗത്തിനായി സംവരണം ചെയ്ത ഒരു സീറ്റ് ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. താത്പര്യമുള്ളവർ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 8ന് രാവിലെ 10.30ന് വകുപ്പ് മേധാവി മുൻപാകെ ഹാജരാകണം. ഫോൺ: 9895649188

## എം.എസ്.സി നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി - സീറ്റ് ഒഴിവ്

പയ്യന്നൂർ സ്വാമി ആനന്ദതീർത്ഥ ക്യാമ്പസ്സിൽ എം.എസ്.സി നാനോസയൻസ് ആൻഡ് നാനോടെക്നോളജി പ്രോഗ്രാമിൽ എസ്.സി വിഭാഗത്തിൽ സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായവർ ആഗസ്റ്റ് 8ന് രാവിലെ 10 മണിക്ക് കോ ഓർഡിനേറ്റർ മുൻപാകെ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം ഫോൺ: 9847421467, 0497-2806402.

## എം.സി.എ - സ്പോട്ട് അഡ്മിഷൻ

പാലയാട് ഡോ. ജാനകി അമ്മാൾ കാമ്പസിലെ ഐ.ടി സെന്ററിലെ എം.സി.എ പ്രോഗ്രാമിന് ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നടത്തുന്നു. യോഗ്യരായ വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 10ന് രാവിലെ 10.30ന് കണ്ണൂർ സർവ്വകലാശാല മാങ്ങാട്ടുപറമ്പ കാമ്പസ്സിലെ ഇൻഫർമേഷൻ ടെക്നോളജി വകുപ്പിൽ ആവശ്യമായ അസ്സൽ രേഖകളോടെ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. ഫോൺ: 0497 -2784535, 9243037002

## എം.സി.എ - എൻ.ആർ.ഐ അഡ്മിഷൻ

മാങ്ങാട്ടുപറമ്പ കാമ്പസിലെ ഇൻഫർമേഷൻ ടെക്നോളജി പഠന വകുപ്പിലെ എം.സി.എ പ്രോഗ്രാമിന് എൻ.ആർ.ഐ സീറ്റിലേക്ക് പ്രവേശനം ലഭിക്കാൻ ആഗ്രഹിക്കുന്നവർ അപേക്ഷ ആഗസ്റ്റ് 12ന് വൈകുന്നേരം 5 മണിക്ക് മുൻപായി മാങ്ങാട്ടുപറമ്പ ഇൻഫർമേഷൻ ടെക്നോളജി പഠന വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. ഫോൺ: 0497 -2784535, 9243037002

## എം.എ. ആന്ത്രോപോളജി - സീറ്റ് ഒഴിവ്

പാലയാട് ഡോ. ജാനകി അമ്മാൾ കാമ്പസിലെ നരവംശശാസ്ത്ര പഠനവകുപ്പിൽ എം.എ. ആന്ത്രോപോളജി പ്രോഗാമിന് പട്ടികജാതി വിഭാഗത്തിന് രണ്ട് സീറ്റുകളും പട്ടികവർഗ വിഭാഗത്തിന് ഒരു സീറ്റും ഒഴിവുണ്ട്. താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഓഗസ്റ്റ് 10ന് രാവിലെ 10:30ന് സർവകലാശാലയുടെ പാലയാട് ക്യാമ്പസ്സിലെ പഠനവകുപ്പിൽ ഹാജരാകണം. ഫോൺ: 9447380663

## എം.എസ്.സി മാത്തമറ്റിക്സ് - സീറ്റ് ഒഴിവ്

മങ്ങാട്ടുപറമ്പ ക്യാമ്പസ്സിൽ എം എസ് സി മാത്തമറ്റിക്സ് പ്രോഗാമിൽ എസ്.സി, എസ്.ടി വിഭാഗത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ സർട്ടിഫിക്ക്റ്റുകൾ സഹിതം ആഗസ്റ്റ് 10ന് രാവിലെ 11 മണിക്ക് മങ്ങാട്ടുപറമ്പ ക്യാമ്പസ്സിലെ മാത്തമറ്റിക്കൽ സയൻസ് ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം . ഫോൺ :9349523003